# എന്തു കൊണ്ട് കാനം അച്ചൻ വിമർശിക്കപ്പെടുന്നു?



രുപ്പച്ചയിൽ പ്രസിദ്ധീകരിച്ച എഡിറ്റോറിയലിനെ അടിസ്ഥാനമാക്കി ആഗസ്റ്റ് 15-ാം ലക്കം ഹാലേലുയ്യായിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചു. 'കാനം അച്ചനെതിരെ മരുപ്പച്ചയിൽ പത്രാധിപ ലേഖനം' എന്നതായിരുന്നു ടൈറ്റിൽ. ദീർഘവർഷങ്ങളായി ഒട്ടനവധി ദൈവദാസന്മാർക്കും പ്രസ്ഥാനങ്ങൾക്കുമെതിരെ വിമർശന ലേഖനങ്ങൾ എഴുതുകയും വേദികളിൽ വിമർശന പ്രസംഗങ്ങൾ നടത്തുകയും ചെയ്തു വരുന്ന ആളാണ് കാനം അച്ചൻ. അദ്ദേഹത്തിനെതിരായി ചെറിയൊരു വാർത്ത വന്നപ്പോഴേക്ക് പ്രായത്തിന്റെ പക്വതയും നിയന്ത്രണവും വിട്ട് രോഷാകുലനായി എന്നെയും അച്ചൻകുഞ്ഞ് ഇലന്തൂരിനെയും നികൃഷ്ടമായ ഭാഷയിൽ ആക്ഷേപിച്ച് അദ്ദേഹമൊരു കത്തെഴുതി. ആ കത്ത് കടുത്ത സമ്മർദ്ദം ചെലുത്തി ഗുഡ്ന്യൂസ് ഉൾപ്പെടെയുള്ള പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇത്തരമൊരു കത്ത് അച്ചൻ എഴുതിയതിലും, ചില പത്രങ്ങൾ അത് പ്രസിദ്ധപ്പെടുത്തിയതിലും സന്തോഷമുണ്ട്. കാരണം ആ കത്തിലൂടെ കാനം അച്ചൻ എന്ന വ്യക്തിയുടെ സംസ്ക്കാരവും, ആത്മീയ പക്വതയും എത്രത്തോളമുണ്ടെന്നും, അദ്ദേഹം പ്രസംഗിക്കുന്ന ക്രിസ്തുവിന്റെ മനോഭാവം അദ്ദേഹത്തിൽ അശേഷം ഇല്ലെന്നും കേരളീയ പെന്തെക്കോസ്തു സമൂഹം മുഴുവൻ തിരിച്ചറിഞ്ഞിരിക്കുന്നു.

കാനം അച്ചന്റെ കത്തിന് ദ്വയാർത്ഥ പ്രയോഗങ്ങളും, ആക്ഷേപവും, ഹാസ്യവും എല്ലാം ചേർത്ത് മറുപടി എഴുതിയാൽ അച്ചന്റെ നിലവാരത്തിലേക്ക് ഞാനും ആയിപ്പോകുമെന്നതിനാൽ അതിന് തുനിയുന്നില്ല.

ഇത്തരമൊരു കത്ത് അച്ചൻ എഴുതിയതിലും, ചില പത്രങ്ങൾ അത് പ്രസിദ്ധപ്പെടുത്തിയതിലും സന്തോഷമുണ്ട്. കാരണം ആ കത്തിലൂടെ കാനം അച്ചൻ എന്ന വ്യക്തിയുടെ സംസ്ക്കാരവും, ആത്മീയ പക്വതയും എത്രത്തോളമുണ്ടെന്നും, അദ്ദേഹം പ്രസംഗിക്കുന്ന ക്രിസ്തുവിന്റെ മനോഭാവം അദ്ദേഹത്തിൽ അശേഷം ഇല്ലെന്നും കേരളീയ പെന്തെക്കോസ്തു സമൂഹം മുഴുവൻ തിരിച്ചറിഞ്ഞിരിക്കുന്നു.

എങ്കിലും എന്തു കൊണ്ടാണ് അച്ചനെ വിമിർശിച്ചതെന്ന് വെളിപ്പെടുത്തേണ്ടത് എന്റെ ധാർമ്മിക ഉത്തരവാദിത്തമായി ഞാൻ ഏറ്റെടുക്കുന്നു. ഒപ്പം അച്ചൻ ഉന്നയിച്ച ആരോപണങ്ങൾക്ക് സഭ്യമായ ഭാഷയിൽ മറുപടിയും പറയേണ്ടി വരുന്നു.

കാനം അച്ചൻ ചിക്കാഗോ കോൺഫ്രൻസിന്റെ സമാപന രാത്രിയിൽ ആദ്യ പ്രസംഗകനും ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ രണ്ടാം പ്രസംഗകനും ആയിരുന്നു. അച്ചന് 40 മിനിറ്റും, കെ.സി.ജോണിന് 45 മിനിറ്റുമാണ് സംഘാടകർ പ്രസംഗിക്കാൻ അനുവദിച്ചിരുന്നത്. ആദ്യം പ്രസംഗിച്ച അച്ചൻ 70 മിനിറ്റ് (ഒരു മണിക്കൂറും 10 മിനിറ്റും) പ്രസംഗിച്ചു. എന്നാൽ ***"ആരുടെയും ഒരു മിനിറ്റു പോലും കവർന്നെടുത്തില്ലെന്നാണ്"*** അച്ചൻ കത്തിൽ എഴുതിയിരിക്കുന്നത്. ഇന്റർനെറ്റിൽ പല വെബ്സൈറ്റുകളിൽ ഈ പ്രസംഗം ഉള്ളതിനാൽ ആർക്കും ഈ സത്യം മനസ്സിലാക്കാവുന്നതേയുള്ളൂ. 66 മിനിറ്റാണ് ഇന്റർനെറ്റിലുള്ള ആ പ്രസംഗത്തിന്റെ ദൈർഘ്യം. അതു തന്നെ ചില ഭാഗങ്ങൾ എഡിറ്റു ചെയ്തു മാറ്റിയ പ്രസംഗമാണെന്ന് ഓർക്കുക.

തനിക്കു ശേഷമുള്ള പ്രസംഗകന്റെ സമയം കവർന്നെടുത്ത അച്ചൻ പക്ഷേ ആ തെറ്റ് സമ്മതിക്കാൻ തയ്യാറാകുന്നില്ല.

സമയത്തെക്കുറിച്ച് പാസ്റ്റർ കെ.സി.ജോണുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "എനിക്ക് 45 മിനിറ്റാണ് സംഘാടകർ തന്നിരുന്നത്. എന്നാൽ അച്ചന്റെ പ്രസംഗം മുപ്പതുമിനിറ്റോളം നീണ്ടു പോയതിനാൽ 20 മിനിറ്റ് കൂട്ടിയെടുത്ത് പ്രസംഗിക്കാൻ സ്റ്റേജിലുണ്ടായിരുന്ന സംഘാടകരിൽ ഒരാൾ എന്നോട് പറഞ്ഞു. എന്നാൽ കേൾവിക്കാരെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ലാത്തതിനാൽ ഞാൻ യോഗം അവസാനിക്കേണ്ടുന്ന സമയത്ത് പ്രസംഗം അവസാനിപ്പിക്കുകയായിരുന്നു. മാത്രവുമല്ല അച്ചൻ പ്രസംഗത്തിൽ എനിക്കെതിരെ

ഒളിയമ്പുകൾ പ്രയോഗിച്ചതിൽ ചില സംഘാടകർ എന്നോട് ക്ഷമാപണവും നടത്തി. ഞാൻ അത് അപ്പോഴേ വിട്ടു കളഞ്ഞു.”

അമേരിക്കൻ മലയാളി കോൺഫ്രൻസ് പോലൊരു മഹാസമ്മേളനത്തിൽ അച്ചൻ സമയകാര്യത്തിൽ കൃത്യത പാലിക്കേണ്ടതായിരുന്നു എന്ന വിമർശനം നല്ല സെൻസിൽ ഉൾക്കൊള്ളേണ്ടതിനു പകരം അച്ചൻ അതിനെ ന്യായീകരിക്കാൻ വൃഥാ ശ്രമം നടത്തേണ്ട തുണ്ടായിരുന്നോ?

മലങ്കര കണ്ട ഏറ്റവും വലിയ ത്യാഗി-സാധു കൊച്ചു കുഞ്ഞുപദേശിക്ക് അനാഥശാല എന്ന പ്രൊജക്ട്ടുണ്ടായിരുന്നു. പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ ഓരോ വിദേശ യാത്രയും ഒന്നോ അതിലധികമോ പ്രൊജക്ട്ടുകളുമായിട്ടായിരുന്നു. ഒരു സുവിശേഷകന് ഒരു പ്രൊജക്ട്ടും ഇല്ലെന്ന് പറയുന്നതിനർത്ഥം അയാൾ അലംഭാവത്തോടെ ജീവിക്കുന്നു എന്നാണ്.

അച്ചന്റെ പ്രസംഗത്തിലെ ചില പരാമർശനങ്ങളെയാണ് പ്രധാനമായും മരുപ്പച്ച വിമർശിച്ചത്. അത് ഹാലേലുയ്യാ വാർത്തയിൽ എടുത്തെഴുതിയിട്ടുണ്ട്. പ്രധാനമായും സുവിശേഷ, ജീവകാരുണ്യ, സഭാപ്രവർത്തനങ്ങൾക്കായി പ്രൊജക്റ്റുകൾ ഉണ്ടാക്കുകയും അതിനായി ദൈവജനത്തോട് സംഭാവന വാങ്ങുകയും ചെയ്യുന്നത് ഇന്നും ഇന്നലെയും തുടങ്ങിയ കാര്യമല്ല.

മലങ്കര കണ്ട ഏറ്റവും വലിയ ത്യാഗി-സാധു കൊച്ചുകുഞ്ഞുപദേശിക്ക് അനാഥശാല എന്ന പ്രൊജക്ടുണ്ടായിരുന്നു. പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ ഓരോ വിദേശ യാത്രയും ഒന്നോ അതിലധികമോ പ്രൊജക്ടുകളുമായിട്ടായിരുന്നു. ഒരു സുവിശേഷകന് ഒരു പ്രൊജക്ടും ഇല്ലെന്ന് പറയുന്നതിനർത്ഥം അയാൾ അലംഭാവത്തോടെ ജീവിക്കുന്നു എന്നാണ്. ഇന്ന് ഇന്ത്യയിൽ സുവിശേഷ പ്രവർത്തന രംഗത്ത് ആയിരക്കണക്കിന് പ്രസ്ഥാനങ്ങളും അവർക്കൊക്കെ പ്രൊജക്റ്റുകളുമുണ്ട്. ഇവരിൽ മിക്കവരും അമേരിക്കയിലും ഗൾഫിലും ചെന്ന് ദൈവജനത്തോട് സംഭാവന പിരിക്കാറുമുണ്ട്. ആ പണം കൊണ്ട് ഭാരതത്തിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. ഇങ്ങനെയൊക്കെയുള്ള പ്രൊജക്റ്റുകളിലൂടെയും, സംഭാവനയിലൂടെയുമാണ് ഭാരതത്തിൽ സുവിശേഷ പ്രവർത്തനം നടത്തുന്നത്. ഇന്നു നമ്മുടെ സഭകൾക്കുണ്ടായ വളർച്ചയുടെയെല്ലാം അടിസ്ഥാനം ഈ പ്രസ്ഥാനങ്ങളും അവരുടെ പ്രൊജക്റ്റുകളുമാണ്. അങ്ങനെ പിരിച്ചവരിൽ ചിലർ പണം ദുരുപയോഗപ്പെടുത്തുകയോ, ദൈവനാമത്തിൽ ലഭിച്ചതെല്ലാം ബാങ്ക് ഡെപ്പോസിറ്റോ, ലാൻഡ് ഡെപ്പോസിറ്റോ ആക്കിയിട്ടുമുണ്ടാകാം. പക്ഷേ ഒരു ചെറിയ വിഭാഗത്തെ കുറ്റപ്പെടുത്താൻ വേണ്ടി പ്രൊജക്റ്റുമായി വരുന്നവരെല്ലാം സഭയെ വ്യഭിചരിക്കയാണെന്ന് അച്ചനേപ്പോലെയൊരാൾ സ്റ്റേജിൽ നിന്നു വിളിച്ചു പറയുമ്പോൾ, “അച്ചാ അങ്ങനെ പറയരുത്, അത് തെറ്റാണ്.” എന്നു പറയാൻ അച്ചൻകുഞ്ഞിനെയും, എന്നെയും ദൈവം ഭരമേല്പ്പിച്ചു എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

അച്ചന്റെ പ്രസംഗം ശ്രദ്ധിച്ചു കേൾക്കുമ്പോൾ അച്ചൻ പറഞ്ഞതിപ്രകാരമാണ്: ***“ഞാൻ ആരുടെയും പണം അപഹരിച്ചിട്ടില്ല. ഒരു പ്രൊജക്റ്റും അവതരിപ്പിച്ചിട്ടില്ല. അല്ലെങ്കിൽ എന്നെ പരിചയമുള്ളവർ ആരെങ്കിലും പറയട്ടെ. പ്രെയ്സ് ദ ലോർഡ്. ഇല്ലാത്ത പ്രൊജക്ട് ഉണ്ടാക്കി-ദൈവത്തിനു സ്തോത്രം-ഞാൻ സുവിശേഷത്തെ ഇതു വരെ (കയ്യടിയുടെ ബഹളം) വ്യഭിചരിച്ചിട്ടില്ല. അത് എനിക്ക് നിർണ്ണയമുള്ള ഒരു കാര്യമാണ്.”***

എന്നാൽ ഞങ്ങൾക്കെതിരെ കത്തെഴുതിയപ്പോൾ ബുദ്ധിമാനായ അച്ചൻ അല്പ്പം മാറ്റി എഴുതി. അതിപ്രകാരമാണ്: ***‘‘കർത്താവ് സുവിശേഷമാണ് എന്നെ ഭരമേല്പ്പിച്ചത്.*** (സുവിശേഷമൊഴിച്ച്)***മറ്റൊരു പ്രൊജക്റ്റും കൂടാതെയാണ് ഞാനിവിടെ വന്നത് എന്ന് സൂചിപ്പിച്ചു.”*** കത്തിൽ അച്ചൻ പറഞ്ഞത് നൂറു ശതമാനവും ശരിയാണ്. അച്ചന്റെ പ്രൊജക്റ്റ് സുവിശേഷമാണ്. മറ്റുള്ളവരുടെയും പ്രൊജക്റ്റ് സുവിശേഷം തന്നെയാണ്. പിന്നെ എന്തിന് മറ്റുള്ളവരെ പ്രൊജക്ടിന്റെ പേരിൽ ആക്ഷേപിക്കണം. സുവിശേഷത്തിനു വേണ്ടി പ്രസംഗവും എഴുത്തുമാണ് അച്ചന്റെ പ്രൊജക്ട്. മറ്റു ചിലർ സുവിശേഷത്തിനായി കൺവൻഷൻ നടത്തുകയോ, സഭ സ്ഥാപിക്കയോ, ചാരിറ്റി പ്രവർത്തനം നടത്തുകയോ, മാസിക അടിക്കയോ ചെയ്യുന്നു. കർത്താവ് ഓരോരുത്തരെ ഭരമേല്പ്പിച്ചത് അവരവർ ചെയ്യട്ടെ. അച്ചനേപ്പോലെ പ്രായത്തിന്റെ പക്വത കാണിക്കേണ്ട ഒരാൾ എന്തിന് മറ്റുള്ളവരെ പൊതു വേദികളിൽ ആക്ഷേപിക്കുന്നു? അച്ചന്റെ പ്രസംഗം കേൾക്കുന്നവർക്ക് ന്യായമായും ഇപ്രകാരം തോന്നാം. പ്രൊജക്റ്റുമായി അമേരിക്കയിൽ വരുന്നത് പണാപഹരണത്തിന് തുല്യമാണ്. കുറഞ്ഞ പക്ഷം പ്രൊജക്റ്റ് അവതരിപ്പിക്കുന്നത് നാണക്കേടുള്ള ഒരു കാര്യമായി അച്ചൻ കരുതുന്നുവെന്ന് ആർക്കും മനസ്സിലാകും.





*പട്ടക്കാരെ വിമർശിക്കുന്ന കാനം അച്ചൻ അച്ചൻമാരോടൊപ്പം*

*(മരുപ്പച്ച പ്രസിദ്ധീകരിച്ച ചിത്രം)*

അച്ചനിപ്പോൾ അമേരിക്കയിലാണല്ലോ. അച്ചൻ താമസിക്കുന്ന എല്ലാ മലയാളി വീടുകളിലും ഇന്റർനെറ്റ് സൗകര്യമുണ്ട്. അച്ചന്റെ വിവാദ പ്രസംഗം അതിൽ ലഭ്യമാണ്. അനേകരെ മുറിപ്പെടുത്തിയ പദപ്രയോഗങ്ങൾ യഥാർത്ഥത്തിൽ തന്റെ പ്രസംഗത്തിൽ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ട് വേണ്ടിയിരുന്നില്ലേ അങ്ങനെ പറഞ്ഞില്ലെന്ന് എഴുതാൻ. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. യാഥാർത്ഥ്യം കണ്ടുപിടിക്കാനോ, തെറ്റുപറ്റിയതിനെ അംഗീകരിക്കാനോ, തിരുത്താനോ അച്ചൻ തയ്യാറല്ല. പകരം വായനക്കാരെ വിഡ്ഢികളാക്കിയിരിക്കയാണ്.

അച്ചന്റെ പ്രസംഗങ്ങൾ കേൾക്കുകയും രചനകൾ വായിക്കുകയും ചെയ്യുന്നവർ ഒരു കാര്യം സമ്മതിക്കുന്നു. ആദ്യകാലങ്ങളിൽ അമേരിക്കയിൽ പോകുന്നവരെ അച്ചൻ നിശിതമായി വിമർശിക്കുമായിരുന്നു. അച്ചൻ അമേരിക്കയിൽ പോയി തുടങ്ങിയതോടെ ആ വിമർശനം അവസാനിച്ചു. ഇപ്പോൾ പ്രൊജക്റ്റുകൾക്കെതിരെയുള്ള വിമർശനവും എത്രകാലം ഉണ്ടാകുമെന്ന് കണ്ടറിയണം. അച്ചനോ അദ്ദേഹത്തിന്റെ മക്കളോ, കൊച്ചുമക്കളോ ഒരു പ്രൊജക്റ്റ് തുടങ്ങുന്ന കാലം വരെ മാത്രം.

ഒരു കാര്യം കൂടെ ഇതോടനുബന്ധിച്ച് പറയട്ടെ. അമേരിക്കൻ മലയാളി ദൈവദാസന്മാരിലും, വിശ്വാസികളിലും സുവിശേഷത്തോട് കൂറും താല്പ്പര്യവുമുള്ളവരൊക്കെ നാട്ടിൽ എന്തെങ്കിലുമൊക്കെ പ്രൊജക്ടിനെ സഹായിക്കുന്നവരും അതിന്റെയൊക്കെ പങ്കാളികളുമാണ്. അത്തരമാളുകൾക്ക് മുന്നിലാണ് അച്ചൻ ഇത്തരമൊരു പ്രസംഗം നടത്തിയത്. അച്ചനെ അകമഴിഞ്ഞു സ്നേഹിക്കുന്ന അവരാരും ആ പ്രസംഗത്തിന്റെ അനൗചിത്യം ചൂണ്ടിക്കാട്ടാഞ്ഞത് അവർ അച്ചന്റെ പ്രായത്തെ ബഹുമാനിച്ചിട്ടാണ്. എന്നാൽ അച്ചൻ എന്താണെന്ന് ശരിക്കറിയാവുന്ന ഞങ്ങളെങ്കിലും ഇതു തുറന്നു പറയേണ്ടേ?

അച്ചൻ പ്രസംഗത്തിന്റെ പത്താം മിനിറ്റിൽ ***"വ്യഭിചാരം"*** എന്ന വാക്കുപയോഗിക്കുന്നത് ആ പ്രസംഗം ശ്രദ്ധിച്ചു കേൾക്കുന്നവർക്ക് നന്നായി മനസ്സിലാകും. എന്നിട്ടും അച്ചൻ ഒന്നുമറിയാത്ത ആളെപ്പോലെ കത്തിലെഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക.

***" നിങ്ങൾ പലരും എന്റെ മുമ്പിലിരുന്ന് എന്റെ പ്രസംഗം മുഴുവൻ കേട്ടതാണല്ലോ. അയോഗ്യമായത് എന്തെങ്കിലും ആരെക്കുറിച്ചെങ്കിലും ഞാൻ പറഞ്ഞോ"? ............................ തന്നെയുമല്ല, ആ പ്രസംഗം മുഴുവൻ ഇവിടെ സഹോദരന്മാർ ഇന്റർനെറ്റിൽ ഇഷ്ടം പോലെ കേട്ടു കൊണ്ടിരിക്കുകയാണ്. ഇല്ലാത്ത കാര്യം എങ്ങനെ ആരോപണമായി? കെ.സി.ജോൺ എന്ന പദം എന്റെ പ്രസംഗത്തിൽ ഞാൻ ഉപയോഗിച്ചിട്ടില്ല. പ്രൊജക്ടുകളുമായി പലരും സഭയെ വ്യഭിചരിക്കുന്നു എന്ന് ഞാൻ പറഞ്ഞു എന്നതാണ് മരുപ്പച്ചയുടെ മറ്റൊരു കണ്ടെത്തൽ. വ്യഭിചരിക്കുക എന്നൊരു പദം പോലും ആ പ്രസംഗത്തിൽ ഉപയോഗിച്ചിട്ടില്ലെന്നാണ് എന്റെ ഓർമ്മ............ ചുരുക്കിപ്പറഞ്ഞാൽ ഞാൻ കെ.സി.ജോണിന്റെ പേര് പറഞ്ഞിട്ടില്ല, വ്യഭിചാരം എന്ന പദം ഉപയോഗിച്ചിട്ടില്ല. വെറും വ്യാജമാണ് മരുപപ്പച്ച ആരോപണമായി ഉന്നയിച്ചിരിക്കുന്നത്"*** .എത്ര സുന്ദരമായാണ് അച്ചൻ നിഷ്ക്കളങ്കത അഭിനയിക്കുന്നത്. അച്ചൻ വസ്തുതകളെ ഭംഗിയായി വളച്ചൊടിച്ചിരിക്കുകയാണ്.

ഇന്റർനെറ്റിലുള്ള പ്രസംഗം ശ്രദ്ധിച്ചു കേട്ടാൽ ***"വ്യഭിചാരം"*** എന്ന വാക്കുപയോഗിച്ചത് ജനങ്ങളുടെ കയ്യടി ശബ്ദത്തിനിടയിൽ അവ്യക്തമാണെങ്കിലും കേൾക്കാം.

അച്ചൻ കെ.സി.ജോൺ എന്ന പദം ഉപയോഗിച്ചു എന്ന് ആരും പറഞ്ഞിട്ടില്ല. സാമാന്യ ബുദ്ധിയുള്ളവർക്ക് അച്ചൻ ആരെയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലാക്കാൻ ഒട്ടും ബുദ്ധിമുട്ടില്ല. പേരു പറയാതെ 'കേരളത്തിന്റെ മുഖ്യമന്ത്രി' എന്നു പറഞ്ഞു വിമർശിച്ചാൽ അത് ആരാണെന്ന് പൊതുജനത്തിനെല്ലാം അറിയാമല്ലൊ. ദ്വയാർത്ഥ പ്രയോഗങ്ങളും സൂചനകളും നൽകി എഴുത്തിലും പ്രസംഗത്തിലും വ്യക്തികളുടെ നേരെ കത്തി കയറ്റുന്നതിൽ അച്ചൻ മികവു തെളിയിച്ച ആളാണ്. എങ്കിലും പറയട്ടെ, ഞാൻ നൂറു കണക്കിനു വിമർശന ലേഖനങ്ങൾ എഴുതിയെന്ന് അവകാശപ്പെടുന്ന അച്ചൻ ഇക്കാലമത്രയും ഒളിയമ്പുകളല്ലേ തൊടുത്തത്. നേർക്കു നേരെ ധൈര്യമായി പേരു പറഞ്ഞ് വിമർശിച്ചു കൂടേ? അതിനു പകരം വേദിയിലിരിക്കുന്ന സഹശുശ്രൂഷകനെതിരെ ഒളിയമ്പെയ്യുന്നത് മാന്യതയല്ല.

*മരുപ്പച്ച പത്രാധിപർ*
*അച്ചൻകുഞ്ഞ് ഇലന്തൂർ*




പറഞ്ഞ കാര്യം തെളിവായി ഇന്റർനെറ്റിൽ കൂടെ എല്ലാവർക്കും കേൾക്കത്തക്ക വിധം കിടക്കുമ്പോഴും ഒരേ കത്തിൽ തന്നെ ആദ്യം ***"ഞാനങ്ങനെയൊരു വാചകം ഉപയോഗിച്ചിട്ടില്ലെന്നാണ് എന്റെ ഓർമ്മ"*** എന്നും അതേ പാരഗ്രാഫിന്റെ അവസാനം ***"വ്യഭിചാരം എന്ന വാക്ക് ഞാൻ ഉപയോഗിച്ചിട്ടില്ല. വെറും വ്യാജമാണ് മരുപ്പച്ച ഉന്നയിച്ചിരിക്കുന്നത്"*** എന്നും പറയുന്നതിൽ നിന്ന് അച്ചന് സ്വന്തം ഭാഗം ന്യായീകരിക്കാൻ വ്യാജം പറയുന്നതിൽ മടിയില്ലെന്ന് വ്യക്തമാകുന്നു. അച്ചനിപ്പോൾ അമേരിക്കയിലാണല്ലോ. അച്ചൻ താമസിക്കുന്ന എല്ലാ മലയാളി വീടുകളിലും ഇന്റർനെറ്റ് സൗകര്യമുണ്ട്. അച്ചന്റെ വിവാദ പ്രസംഗം അതിൽ ലഭ്യമാണ്. അനേകരെ മുറിപ്പെടുത്തിയ പദപ്രയോഗങ്ങൾ യഥാർത്ഥത്തിൽ തന്റെ പ്രസംഗത്തിൽ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ട് വേണ്ടിയിരുന്നില്ലേ അങ്ങനെ പറഞ്ഞില്ലെന്ന് എഴുതാൻ. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. യാഥാർത്ഥ്യം കണ്ടു പിടിക്കാനോ, തെറ്റു പറ്റിയതിനെ അംഗീകരിക്കാനോ, തിരുത്താനോ അച്ചൻ തയ്യാറല്ല. പകരം വായനക്കാരെ വിഡ്ഢികളാക്കിയിരിക്കയാണ്.

പത്രപ്രവർത്തന രംഗത്ത് ഹാലേലൂയ്യാ പത്രാധിപനായ ഞാനും, മരുപ്പച്ച പത്രാധിപനായ അച്ചൻകുഞ്ഞും വഴി വിട്ടു പോകുന്നതായി അച്ചൻ കത്തിലാരോപിക്കുന്നു. അച്ചൻകുഞ്ഞിന്റെ കാര്യം എനിക്കറിയില്ല, പത്രപ്രവർത്തന രംഗത്ത് ഞാൻ വഴി വിട്ടു പോയി എന്ന ആരോപണം ശരിയാണെങ്കിൽ വഴി വിട്ടതിന്റെ കാരണക്കാരനും, വഴി വിടുവാൻ എന്നെ പ്രോത്സാഹിപ്പിച്ച ആളും കാനം അച്ചനാണ്. ചർച്ച് ഓഫ് ഗോഡിൽ ഒന്നര പതിറ്റാണ്ട് മുമ്പുണ്ടായ ഭിന്നത വിശ്വാസികൾക്ക് മറക്കാറായിട്ടില്ല. അന്ന് വിമത വിഭാഗത്തിന് നേതൃത്വം നൽകിയതും തന്ത്രങ്ങൾ പറഞ്ഞു കൊടുത്തതുമെല്ലാം കാനം അച്ചനായിരുന്നുവെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. അന്നു വിമത വിഭാഗത്തെയും കാനം അച്ചനെയും പിന്തുണച്ച ഏക പെന്തെക്കോസ്ത് പത്രം ഞാൻ റസിഡന്റ് എഡിറ്ററായിരുന്ന മലബാർ മെസ്സഞ്ചർ വാരികയായിരുന്നു.

> അച്ചൻ പ്രസംഗത്തിന്റെ പത്താം മിനിറ്റിൽ *"വ്യഭിചാരം"* എന്ന വാക്കുപയോഗിക്കുന്നത് ആ പ്രസംഗം ശ്രദ്ധിച്ചു കേൾക്കുന്നവർക്ക് നന്നായി മനസ്സിലാകും.

ആ നാളുകളിൽ എത്രയോ തവണ കാനം അച്ചൻ എന്നെയും സഹപ്രവർത്തകരെയും ചർച്ച് ഓഫ് ഗോഡിലെ മുളക്കുഴ വിഭാഗത്തിനെതിരെ പത്രത്തിലെഴുതുവാൻ നിർബ്ബന്ധിച്ചു? അച്ചാ അന്നു മുതലാണ് ഞാൻ പത്രപ്രവർത്തനത്തിൽ വഴി പിഴച്ചത്. അങ്ങാണെന്റെ തലതൊട്ടപ്പൻ എന്നു തുറന്നു പറയേണ്ടി വരുന്നതിൽ ക്ഷമിക്കുക. ഒരു കാര്യം കൂടെ ആ വിഷയത്തിൽ പറയട്ടെ. ചർച്ച് ഓഫ് ഗോഡിലെ പ്രശ്നങ്ങൾക്കു മുഴുവൻ പ്രേരക ശക്തിയും, വിമത വിഭാഗത്തിന്റെ നേതൃത്വവും കാനം അച്ചനായിരുന്നു. പാസ്റ്ററെന്ന ക്രഡൻഷ്യൽ ഇല്ലാത്തതു കൊണ്ടാണ്; അല്ലെങ്കിൽ അച്ചനായേനെ വിമത വിഭാഗം ഓവർസിയർ. അക്കാ



ലത്ത് അച്ചന്റെ നേതൃത്വത്തിൽ നടന്ന നിരവധി വിമത ഗ്രൂപ്പ് യോഗങ്ങളിൽ ഞങ്ങൾ നിശബ്ദ നിരീക്ഷകരായിരുന്ന കാര്യം അച്ചന് ഓർമ്മയുണ്ടല്ലോ. അന്ന് ഞാൻ പത്രാധിപരായിരുന്ന മെസ്സഞ്ചറിൽ അച്ചൻ നൽകിയ അഭിമുഖത്തിലെ ഒരു വാചകം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും. അച്ചന്റെ മനോഭാവം ഇതിൽ നിന്ന് വ്യക്തമാണ്. ***“നല്ലപിള്ള ചമഞ്ഞ് പല വാർത്താ മാദ്ധ്യമങ്ങളും ഇമ്മാതിരി വിഷയങ്ങളിൽ ഇടപെടാതിരുന്ന്*** (ഇത് ഇന്ന് അച്ചന് സ്തുതി പാടുന്ന ഗുഡ് ന്യൂസിനെ ഉദ്ദേശിച്ചായിരുന്നു). ***പ്രശ്നം വലുതാക്കുവാൻ അവസരം കൊടുക്കുമ്പോൾ ധീരതയോടെ ഈ രംഗത്ത് കാൽ വെച്ച മെസ്സഞ്ചറിന് എന്റെ ഭാവുകങ്ങൾ”.*** മെസ്സഞ്ചർ സബ് എഡിറ്ററായിരുന്ന വിജോയ് സ്കറിയാ പെരുമ്പെട്ടി നടത്തിയ അഭിമുഖത്തിൽ നിന്നാണ് ഈ വാചകം. (മെസ്സഞ്ചർ 1993 നവംബർ 9)

സഭയിലെ പ്രശ്നത്തിന്റെ പരിഹാരത്തിന് വിശ്വാസികളെയും കർതൃദാസന്മാരെയും വിളിച്ചു കൂട്ടി പ്രാർത്ഥിപ്പിക്കേണ്ടിയിരുന്ന കാനം അച്ചൻ, പത്രക്കാർ നല്ലപിള്ള ചമയരുതെന്ന് പറഞ്ഞ് കുറെ ‘ബാലന്മാരെ’ രംഗത്തിറക്കുകയാണ് ചെയ്തത്. ഇന്നു ഞങ്ങളെ ബാലന്മാരെന്ന് വിശേഷിപ്പിക്കുന്ന അച്ചനോടൊരു ചോദ്യം. ഇന്നു ഞങ്ങൾ ബാലന്മാരാണെങ്കിൽ 16 വർഷം മുമ്പ് ഞങ്ങൾ പിഞ്ചു കുഞ്ഞുങ്ങളായിരുന്നില്ലേ. കുട്ടിക്കുരങ്ങനെക്കൊണ്ട് ചുടുചോറു വാരിപ്പിക്കുന്ന ഈ രാഷ്ട്രീയ തന്ത്രം അച്ചൻ പണ്ടേ പയറ്റിയെന്നതിന്റെ തെളിവല്ലേ ഇത്.

***ഞങ്ങളുടെ പത്രങ്ങൾ ദൈവമില്ലാത്ത രാഷ്ട്രീയക്കാരന്റെ കുട്ടിപ്പത്രങ്ങൾ പോലെ മസാല പുരട്ടിയ തലക്കെട്ടുകൾ കൊടുത്ത് എഴുതുന്നതു കണ്ടു*** എന്ന് അച്ചൻ ആരോപിക്കുന്നു.

അച്ചോ, ഉദയനക്ഷത്രത്തിലെ എഡിറ്റോറിയലുകളിലൂടെ അച്ചൻ കളിച്ച രാഷ്ട്രീയവും പ്രസംഗവേദികളിലും, ചർച്ച് ഓഫ് ഗോഡ് വിഭജന പ്രശ്നത്തിലും അച്ചന്റെ തന്ത്രങ്ങളും നിരീക്ഷിച്ചപ്പോൾ അച്ചനിലെ ഒന്നാം തരം രാഷ്ട്രീയക്കാരനെ ഞങ്ങൾ നേരത്തെ തിരിച്ചറിഞ്ഞതാണ്. ഇപ്പോൾ ഞങ്ങൾക്കെതിരെയുള്ള കത്ത് ഞങ്ങളും കൂടെ ചില വർഷങ്ങൾ തുച്ഛമായ ശമ്പളം വാങ്ങി അദ്ധ്വാനിച്ച് വളർത്തിയ ഗുഡ് ന്യൂസിൽ പ്രസിദ്ധീകരിക്കാൻ അച്ചൻ എന്തുമാത്രം രാഷ്ട്രീയ തന്ത്രം ഉപയോഗിച്ചു എന്ന് ഗുഡ് ന്യൂസ് എഡിറ്റോറിയൽ ബോർഡിലെ ഒരംഗം വേദനയോടെ പറഞ്ഞപ്പോൾ മനസ്സിലായി.

> കിട്ടിയതെല്ലാം (അച്ചൻ പറഞ്ഞതു പോലെ തന്നെ ഒരു പ്രൊജക്ടും ഇല്ലാഞ്ഞതു കൊണ്ട്) എളിയിൽ തിരുകിയെന്ന മരുപ്പച്ചയുടെ ആരോപണം വന്നത് ആഗസ്റ്റ് ആദ്യ ആഴ്ചയാണ്. അതായത് മൂന്നു മാസമായി. മാത്രവുമല്ല, അച്ചൻ ഞങ്ങൾക്കെതിരെ എഴുതിയ കത്ത് മലയാളത്തിലെ ഒട്ടു മിക്ക മാസികക്കാരും പ്രസിദ്ധീകരിച്ച് മാലോകരെ മുഴുവൻ അറിയിക്കയും ചെയ്തു. ഇന്നേ നിമിഷം വരെ അച്ചൻ എനിക്ക് 10 രൂപാ തന്നു എന്ന് ഏതെങ്കിലും ഒരു പാവപ്പെട്ടവൻ വിളിച്ചു പറഞ്ഞോ?

പിന്നെ അച്ചൻ ഞങ്ങൾക്കെതിരെ കത്തെഴുതിയപ്പോൾ ഡിഫൻഡർ എഡിറ്റർ റ്റി.എസ്.ബാലനെക്കുറിച്ച് പരാമർശിച്ചല്ലോ. അതേ റ്റി.എസ്.ബാലൻ നഖശിഖാന്തം എതിർക്കുന്ന പാസ്റ്റർ സി.പി.മോനായി നൽകിയ അവാർഡ് ഒരു ഒന്നാന്തരം കേരളാ കോൺഗ്രസുകാരൻ രാഷ്ട്രീയക്കാരനിൽ നിന്ന് പുഞ്ചിരിയോടെ ഏറ്റു വാങ്ങുന്ന ചിത്രം മരുപ്പച്ച പ്രസിദ്ധീകരിച്ചത് കണ്ടു കാണുമല്ലൊ. ആരാണ് രാഷ്ട്രീയക്കാരെപ്പോലെ അവസരം പോലെ എന്തും ചെയ്യാൻ തുനിയുന്നതെന്ന് അതിൽ നിന്നു തന്നെ വ്യക്തമല്ലേ.

പട്ടത്വം ഉപേക്ഷിച്ചത് വലിയ ത്യാഗമാണെന്ന് ഓരോ പ്രസംഗത്തിലും ഉറക്കെ പറയുകയും പട്ടക്കാരെ മുഴുവൻ അധിക്ഷേപിക്കയും ചെയ്യുന്ന അച്ചൻ അവസരം കിട്ടിയാൽ അവരുടെ കയ്യിൽ കേറി പിടിച്ച് പ്രാർത്ഥിക്കാനും മടിക്കില്ലെന്നും മരുപ്പച്ചയിൽ വന്ന ഫോട്ടോയിൽ നിന്ന് പെന്തെക്കോസ്തു സമൂഹം മനസ്സിലാക്കിക്കഴിഞ്ഞു. പെന്തെക്കോസ്തിലെ വേദശാസ്ത്ര ഡിഗ്രിക്കാരെ നിരന്തരം വിമർശിക്കുന്ന അച്ചൻ സെമിനാരിയിൽ പഠിച്ച കാര്യം കൂടെക്കൂടെ വേദിയിൽ പറയാറുണ്ടല്ലോ. അച്ചനെന്തുമാവാം. മറ്റുള്ളവർക്ക് പാടില്ല എന്ന മനോഭാവം അല്ലേ ഇത്.

എന്നെ കുട്ടിയെന്നും മരുപ്പച്ച പത്രാധിപരെ കുഞ്ഞെന്നും വിളിച്ച് ആക്ഷേപിക്കുന്ന അച്ചന്റെ ശൈലി എനിക്കിഷ്ടപ്പെട്ടു. അതിലെ ആക്ഷേപം സഹിച്ചു കൊണ്ട് തന്നെ പറയട്ടെ. പണ്ട് മൊറാർജിദേശായി ഇന്ത്യയുടെ പ്രധാന മന്ത്രിയായിരിക്കുന്ന കാലത്ത് ഒരു ലേഖനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയെ ***“മൊറാർജി വല്യപ്പൻ”*** എന്ന് “വിശ്വാസിക്ക് രാഷ്ട്രീയ കാര്യത്തിൽ ഇടപെടാമോ” എന്ന ലേഖനത്തിൽ അച്ചൻ സംബോധന ചെയ്തത് ഓർക്കുന്നുണ്ടാവുമല്ലോ. ജയിലിൽ പോകാൻ യോഗ്യമായ ഭാഷാ പ്രയോഗം ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് നേരെ ഉപയോഗിച്ച അച്ചന്റെ നിലവാരവും സംസ്ക്കാരവും വെച്ച് ഞങ്ങളെ കുഞ്ഞെന്നും കുട്ടിയെന്നുമല്ലേ വിളിച്ചുള്ളു എന്നു ഞാൻ സമാധാനിക്കുന്നു. ചർച്ച് ഓഫ് ഗോഡ് പ്രശ്ന സമയത്ത് ഓവർസിയറെ അച്ചൻ ***‘കങ്കാണി’*** എന്ന് വിളിച്ചാക്ഷേപിച്ചതായി മുളക്കുഴ പക്ഷം അച്ചടിച്ച ലഘുലേഖയിൽ ചൂണ്ടിക്കാണിച്ചിരുന്നല്ലോ.

സമുദായ സഭകളിൽ നിന്ന് കന്യാസ്ത്രീകളും അച്ചന്മാരും പെന്തെക്കോസ്തിൽ വരുമ്പോൾ അവരെ സംരക്ഷിക്കുവാൻ ഒരു സംവിധാനവും നമുക്കില്ലെന്നുള്ളത് അച്ചനും അറിവുള്ള കാര്യമാണല്ലോ. ഇത്തവണത്തെ അച്ചന്റെ അമേരിക്കൻ യാത്രയിലൂടെ ലഭിച്ചതായി പറയപ്പെടുന്ന 60 ലക്ഷം രൂപയുടെ ഒരു ഭാഗം ഇങ്ങനെയുള്ളവർക്കു വേണ്ടി ഒരു ഷെൽറ്റർ പണിയുവാൻ ചിലവഴിക്കുമോ?

അച്ചന്റെ സാമ്പത്തിക കാര്യത്തെക്കുറിച്ച് ഹാലേലുയ്യായുടെ വാർത്തയിൽ ഒരു വാക്കു പോലും പറഞ്ഞിട്ടില്ല. എന്നാലും മരുപ്പച്ചയിലെ കാർട്ടൂണിൽ *'കിട്ടിയതെല്ലാം എളിയിൽ തിരുകി'* എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അച്ചൻ പറയുന്നു, ***"എനിക്കു കിട്ടുന്ന പണം മുഴുവൻ ഞാൻ എളിയിൽ തിരുകയാണത്രേ. ഈ ആന മടയത്തരം പറയുന്നതിനു മുമ്പ് ഈ പാവങ്ങൾ ചമ്പക്കര വന്ന് എന്റെ ഭാര്യയോടും അയൽക്കാരോടും ഒന്നു ചോദിച്ചറിയുന്നത് നന്നായിരുന്നു. ഞാൻ നിക്ഷേപകനാണോ, സാധുക്കൾക്ക് വല്ലതും കൊടുക്കുമോ എന്നൊക്കെ" .***

അച്ചോ, തിരിച്ചൊരു ചോദ്യം ചോദിക്കട്ടെ. നൂറു കണക്കിനു വിമർശന ലേഖനങ്ങൾ എഴുതിയെന്ന് പറയുന്ന അച്ചൻ ആരെയെങ്കിലും വിമർശിക്കുന്നതിനു മുമ്പ് അയാളുടെ ഭാര്യയോടോ അയൽക്കാരോടോ അന്വേഷണം നടത്തിയിട്ടുണ്ടോ? അച്ചൻ ഇക്കാലത്തിനിടക്ക് സഭയുടെ ഏതെങ്കിലും പ്രൊജക്ടിന് ചെറുതോ വലുതോ ആയ ഒരു തുക നൽകിയതായി ദൈവസഭ ആസ്ഥാനമായ മുളക്കുഴയിലെ കണക്കുകളിൽ ഉണ്ടോയെന്ന് ആരെങ്കിലും അന്വേഷിക്കുന്നത് നന്നായിരിക്കും. തിരുവല്ലയിൽ ചർച്ച് ഓഫ് ഗോഡിന് സ്റ്റേഡിയം ഉണ്ടാക്കുവാനുള്ള ഫണ്ടിലേക്ക് സകല ചർച്ച് ഓഫ് ഗോഡുകാരും സംഭാവന നൽകിയിട്ടും അച്ചൻ ചില്ലിക്കാശു പോലും ആ വകയിൽ സഭക്ക് നൽകിയിട്ടുണ്ടോ. ഇന്ന് അതേ സ്റ്റേഡിയത്തിൽ അഭിമാനപൂർവ്വം പ്രസംഗിക്കുന്ന അച്ചന് ലജ്ജ തോന്നേണ്ടതല്ലേ? അച്ചൻ ചീഫ് എഡിറ്ററായിരിക്കുന്ന മാസികകൾ സാമ്പത്തികമായി പിടിച്ചു നില്ക്കുന്നുണ്ടോ? അതോ കടഭാരത്തിലാണോ എന്ന് അന്വേഷിക്കാറുണ്ടോ?

കിട്ടിയതെല്ലാം (അച്ചൻ പറഞ്ഞതു പോലെ തന്നെ ഒരു പ്രൊജക്ടും ഇല്ലാഞ്ഞതുകൊണ്ട്) എളിയിൽ തിരുകിയെന്ന മരുപ്പച്ചയുടെ ആരോപണം വന്നത് ആഗസ്റ്റ് ആദ്യ ആഴ്ചയാണ്. അതായത് മൂന്നു മാസമായി. മാത്രവുമല്ല, അച്ചൻ ഞങ്ങൾക്കെതിരെ എഴുതിയ കത്ത് മലയാളത്തിലെ ഒട്ടു മിക്ക മാസികക്കാരും പ്രസിദ്ധീകരിച്ച് മാലോകരെ മുഴുവൻ അറിയിക്കയും ചെയ്തു. ഇന്നേ നിമിഷം വരെ അച്ചൻ എനിക്ക് 10 രൂപാ തന്നു എന്ന് ഏതെങ്കിലും ഒരു പാവപ്പെട്ടവൻ വിളിച്ചു പറഞ്ഞോ? അച്ചൻകുഞ്ഞ് മരുപ്പച്ചയിൽ പറഞ്ഞത് തെറ്റാണ്. അച്ചൻ ഔദാര്യമായി നൽകുന്ന ആളാണ്. ഞങ്ങളുടെ ഹോളു പണിയാൻ, വീടു വെക്കാൻ, പെങ്കൊച്ചിനെ കെട്ടിക്കാൻ, കൺവൻഷൻ നടത്താൻ, ട്രാക്റ്റ് അച്ചടിക്കാൻ, മാസിക നടത്താൻ ഇത്ര രൂപ തന്നെന്ന് ഒരാളെങ്കിലും തുറന്നു പറഞ്ഞ് അച്ചനു വേണ്ടി രംഗത്തു വന്നോ? എന്താ വരാഞ്ഞത്? അച്ചൻ മനസ്സിരുത്തി ആലോചിക്കണം. ദ്രവ്യാഗ്രഹം എന്നത് പണം വാങ്ങുന്നത് മാത്രമല്ല, ചിലവാക്കാതെ കൂട്ടി വെക്കുന്നതുമാണെന്ന് ഞാൻ അച്ചനെ പഠിപ്പിക്കേണ്ട കാര്യമില്ലല്ലോ.

സമുദായ സഭകളിൽ നിന്ന് കന്യാസ്ത്രീകളും അച്ചന്മാരും പെന്തെക്കോസ്തിൽ വരുമ്പോൾ അവരെ സംരക്ഷിക്കുവാൻ ഒരു സംവിധാനവും നമുക്കില്ലെന്നുള്ളത് അച്ചനും അറിവുള്ള കാര്യമാണല്ലോ. ഇത്തവണത്തെ അച്ചന്റെ ആറുമാസ അമേരിക്കൻ യാത്രയിലൂടെ ലഭിച്ചേക്കുമെന്ന് ഊഹിക്കപ്പെടുന്ന 60 ലക്ഷം രൂപയുടെ ഒരു ഭാഗം ഇങ്ങനെയുള്ളവർക്കു വേണ്ടി ഒരു ഷെൽറ്റർ പണിയുവാൻ ചിലവഴിക്കുമോ? ഒരു പ്രൊജക്റ്റുമില്ലാതെ അമേരിക്കയിൽ പോയ അച്ചൻ ഇത്തരം ഒരു പ്രൊജക്റ്റുമായി മടങ്ങിവരാൻ തയ്യാറാണോ?

***"പിന്നെയും ആരോപണങ്ങളുണ്ട്. ഞാൻ സ്വന്തമായി ഒരു ലഘുലേഖ പോലും അച്ചടിച്ചിട്ടില്ല. ഞാൻ എഴുതിക്കൊടുത്ത ലഘുലേഖകളും പുസ്തകങ്ങളും ഈ ബാലന്മാർ കണ്ടിട്ടില്ല. കാരണം അവരുടെ കണ്ണിന് കാഴ്ചയില്ല."*** അച്ചൻ ശരിക്കും ഞങ്ങളെ കളിയാക്കുന്നു.

അച്ചൻ ട്രാക്റ്റെഴുതിയില്ലെന്നോ, പുസ്തകമെഴുതിയില്ലെന്നോ ഞങ്ങൾ ആരോപിച്ചിട്ടില്ല. അച്ചാ സ്വന്തം കയ്യിലെ പണം മുടക്കി അച്ചൻ ഇതൊന്നും പ്രിന്റു ചെയ്തിട്ടില്ലെന്നാ പറഞ്ഞത്. മറ്റുള്ളവർ കടം വാങ്ങിയും പലിശക്കെടുത്തും പത്രവും മാസികയും നടത്തിയപ്പോൾ അതിൽ എഡിറ്റർ എന്ന് പേർ അച്ചടിക്കാൻ ചോദിച്ചവർക്കെല്ലാം അച്ചൻ അനുവാദം നൽകി. കേരളത്തിൽ ഇത്രയധികം പ്രസിദ്ധീകരണങ്ങളുടെ എഡിറ്റോറിയൽ ബോർഡിൽ ഇരുന്ന വ്യക്തിക്കുള്ള അവാർഡും അച്ചന് ലഭിക്കും. സ്ഥാനമാനങ്ങളിൽ താല്പര്യമില്ലന്ന് നാഴികെക്ക് നാല്പ്പതു വട്ടം പ്രസംഗ വേദികളിൽ വിളിച്ചു പറയുന്ന അച്ചൻ ഒരു ചിലവും ഇല്ലാതെ, ഒരദ്ധ്വാനവും ഇല്ലാതെ, ഒരു ചില്ലിക്കാശും മുടക്കാതെ ഇക്കണ്ട പ്രസിദ്ധീകരണ

ങ്ങളുടെയെല്ലാം എഡിറ്റർ സ്ഥാനത്ത് പേരച്ചടിച്ചു വരുവാൻ വ്യഗ്രത കാട്ടിയതിന്റെ ലക്ഷ്യമെന്താണ്? ദോഷം പറയരുതല്ലോ, ആരു ചോദിച്ചാലും അച്ചൻ ലേഖനം പറഞ്ഞു കൊടുക്കും. ഈ ഞാൻ ഗുഡ്ന്യൂസിനു വേണ്ടിയും മെസ്സഞ്ചറിനു വേണ്ടിയും അച്ചന്റെ വീട്ടിൽ വന്ന് ലേഖനമെഴുതി എടുത്തതൊന്നും മറന്നിട്ടില്ല. എന്നാൽ അച്ചാ, ഒരു പത്രം നടത്തുന്നതിന്റെയോ, ട്രാക്റ്റ് അച്ചടിക്കുന്നതിന്റെയോ വേദന അച്ചൻ അറിഞ്ഞിട്ടില്ല. കൂലിക്കെഴുതുകയും പ്രസംഗിക്കുകയുമേ അച്ചൻ ചെയ്തിട്ടുള്ളു. അതു കൊണ്ടാണ് ഞങ്ങൾ കൂലിക്ക് കരയുന്നവർ എന്ന് അച്ചൻ വിളിച്ചു കൂവുന്നത്.

**അച്ചാ വേദനയോടെ ഒരു ചോദ്യം ചോദിക്കട്ടെ. നൂറു കണക്കിനു വിമർശന ലേഖനങ്ങൾ എഴുതിയെന്ന് ആവേശം കൊള്ളുന്ന അച്ചൻ ഇന്നേ നിമിഷം വരെ ആരെയെങ്കിലും കുറിച്ച് ഒരു നല്ല വാക്ക്, അവർ ചെയ്തത് നല്ലതാണെന്ന് ഏതെങ്കിലുമൊരു മാസികയിൽ എഴുതിയിട്ടുണ്ടോ?**

അച്ചൻ വീണ്ടു അവകാശപ്പെടുന്നു, *‘‘നൂറു കണക്കിനു വിമർശന ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഇനിയും എഴുതും’’.*

നല്ല കാര്യമാണച്ചോ. എതിർക്കേണ്ടതിന് എതിർക്കയും ചങ്കൂറ്റത്തോടെ സത്യത്തിനു വേണ്ടി നില്ക്കയും ചെയ്യണം. അച്ചനാളുകളെ വിമർശിക്കുന്നതു പോലെ അച്ചനെ വിമർശിക്കാൻ മറ്റുള്ളവർക്കും അവകാശമുണ്ടെന്ന് ഓർക്കണം. സാധാരണ മനുഷ്യരായ നമ്മൾക്ക് തെറ്റാ വരമൊന്നുമില്ലല്ലോ. അച്ചനായാലും, കുഞ്ഞായാലും, കുട്ടിയായാലും തെറ്റുകൾ പറ്റാം. ആരെങ്കിലും തെറ്റു ചൂണ്ടിക്കാണിക്കുമ്പോൾ തിരുത്താൻ ശ്രമിക്കുന്നതാണ് ഭംഗി. അതിനു പകരം മരിച്ചു പോയ അപ്പനെ വരെ പറഞ്ഞ് അവഹേളിക്കുന്നത് മാന്യതയുള്ളവർക്ക് ചേർന്നതല്ല.

ഒരു കാര്യം കൂടി പറഞ്ഞ് ആ ഭാഗം അവസാനിപ്പിക്കട്ടെ. ഞാൻ 23 വർഷമായി പത്ര പ്രവർത്തനം ആരംഭിച്ചിട്ട്. ഗുഡ്ന്യൂസിലും, മെസ്സഞ്ചറിലും, ഹാലേലുയ്യായിലുമായി ആയിരക്കണക്കിനു രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ രണ്ടു ശതമാനത്തിൽ താഴെയേ വിമർശന ലേഖനങ്ങൾ ഞാൻ എഴുതിയിട്ടുള്ളു. എന്നാൽ എന്റെ രചനകളിൽ പകുതിയിലധികവും മറ്റു വ്യക്തികളുടെ നന്മകളും, അവരിലൂടെ ദൈവം പ്രവർത്തിച്ച കാര്യങ്ങളും, അവർ ദൈവനാമത്തിനായി പ്രവർത്തിച്ചതിന്റെ വിവരണങ്ങളും ഒക്കെയാണ് എഴുതിയത്. നൂറു കണക്കിനാളുകളെ പ്രോത്സാഹിപ്പിക്കുവാനും, അനേകർക്ക് ആശ്വാസം നൽകുവാനുമാണ് എന്റെ തൂലിക ഞാൻ ഉപയോഗിച്ചത്, ഇന്നും ഉപയോഗിക്കുന്നത്. ആരും ശ്രദ്ധിക്കാതെ പേരോ പ്രശസ്തിയോ ഇല്ലാത്ത എത്രയോ പേരെക്കുറിച്ച് ഇന്നും ഹാലേലുയ്യാ ഫീച്ചറുകൾ പ്രസിദ്ധീകരിക്കുന്നു. അച്ചനും വായിച്ചിട്ടുണ്ടാവുമല്ലൊ.

*പാസ്റ്റർ സി.പി.മോനായി നൽകുന്ന അവാർഡ് ശ്രീ. ജോസഫ് എം. പുതുശ്ശേരി എം.എൽ.എ. യുടെ കയ്യിൽ നിന്ന്....*



അച്ചാ വേദനയോടെ ഒരു ചോദ്യം ചോദിക്കട്ടെ. നൂറു കണക്കിനു വിമർശന ലേഖനങ്ങൾ എഴുതിയെന്ന് ആവേശം കൊള്ളുന്ന അച്ചൻ ഇന്നേ നിമിഷം വരെ ആരെയെങ്കിലും കുറിച്ച് ഒരു നല്ല വാക്ക്, അവർ ചെയ്തത് നല്ലതാണെന്ന് ഏതെങ്കിലുമൊരു മാസികയിൽ എഴുതിയിട്ടുണ്ടോ? എന്തെങ്കിലുമൊരു നല്ല പ്രൊജക്ടിനെ വായനക്കാർക്ക് പരിചയപ്പെടുത്തിക്കൊണ്ട് അതിന്റെ ഭാരവാഹികളെ പ്രോത്സാഹിപ്പിക്കുവാൻ ഇന്നു വരെ ശ്രമിച്ചിട്ടുണ്ടോ? എഴുത്തുകാരുടെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിച്ചിട്ടുള്ളതല്ലാതെ അവർ പട്ടിണി കിടക്കയാണോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

(പുസ്തകങ്ങൾക്ക് അവതാരിക എഴുതുമ്പോൾ മാത്രമാണ് അച്ചൻ ആരെയെങ്കിലും പ്രോത്സാഹിപ്പിച്ചോ പുകഴ്ത്തിയോ രണ്ടു വാക്ക് പറഞ്ഞിട്ടുള്ളത്. കാരണം അവതാരിക

എഴുതിയാൽ സാമാന്യം നല്ലയൊരു 'കവർ' കിട്ടുമല്ലോ).

അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും എതിർക്കുമെന്നു പറയുന്ന അച്ചനോട് ഒരു ചോദ്യം കൂടെ. മഹാനായ കുക്കുസായിപ്പ് സ്ഥാപിച്ച മുളക്കുഴ ബംഗ്ലാവിന്റെ മുറ്റത്ത് (സഭാ ആസ്ഥാനത്ത്) പാസ്റ്റർ വി.സി.ഇട്ടിയുടെ മൃതദേഹം സംസ്ക്കരിച്ചപ്പോൾ ചർച്ച് ഓഫ് ഗോഡുകാരനായ താങ്കൾ എവിടെയായിരുന്നു? എന്തു കൊണ്ട് താങ്കളതിനെ വിമർശിച്ചില്ല? ചർച്ച് ഓഫ് ഗോഡു നേതാക്കളിൽ ഞാൻ ഏറ്റവും അധികം ആദരിക്കുന്ന വ്യക്തിത്വമാണ് ഇട്ടിസാറിന്റേത്. എങ്കിലും സഭയുടെ പൊതുസ്വത്തായ സീയോൻകുന്നിൽ അദ്ദേഹത്തിന് ശവകുടീരം ഒരുക്കിയത് അങ്ങേയറ്റം തെറ്റാണെന്ന് ഞാൻ വിശ്വസിക്കുന്നു. കെ.ഇ.ഏബ്രഹാമിന്റെ ശവശരീരം പോലും ഐ.പി.സിക്കാർ സഭാ ആസ്ഥാനത്ത് അടക്കിയില്ലെന്ന് ഓർക്കുക. കോട്ടയത്തെ ഐ.പി.സി.കാർ ആദരിച്ചിരുന്ന പി.എം.ഫിലിപ്പ് സാറിന്റെ കല്ലറ കഞ്ഞിക്കുഴി ഫിലദൽഫിയ സഭയുടെ മുന്നിലല്ല പണിതതെന്ന് ഓർക്കുക. എന്തിനേറെ മഹാനായ ടി.എം.വർഗീസ് സാറിന്റെ ശവകുടീരം എവിടെയാണെന്നെങ്കിലും അച്ചൻ ഓർത്തോ? സഭാ ആസ്ഥാനം കുടുംബകല്ലറയാക്കി മാറ്റുന്നത് ശരിയാണോ? അച്ചനേപ്പോലെയുള്ളവർ ശ്രദ്ധിച്ചില്ലെങ്കിൽ പുനലൂരും കുമ്പനാടും മുളക്കുഴയുമൊക്കെ വിദൂരഭാവിയിൽ പരുമല കബറിടവും മഞ്ഞനിക്കര കബറിടവുംപോലെ ആയിപ്പോകില്ലേ?

അച്ചന്റെയൊരു വലിയ ആരോപണം ഇതാ: ***"നമ്പൂതിരിപ്പാടിന്റെ കയ്യിൽ നിന്ന് ഗണപതി വിഗ്രഹം വാങ്ങുകയും കെട്ടിപ്പിടിക്കയും ചെയ്യുന്നവരോട് എനിക്ക് കൂട്ടായ്മയില്ല. മരുപ്പച്ചക്കും ഹാലേലുയ്യായ്ക്കുംഇവർ കൂട്ടുകുടുംബക്കാർ ആയിരിക്കും".***

ആരുടെ കാര്യമാണ് അച്ചൻ പറയുന്നത്? ആരാണ് നമ്പൂതിരിപ്പാടിൽ നിന്ന് ഗണപതി വിഗ്രഹം വാങ്ങിയത്? ഏതാണ് ഈ നമ്പൂതിരി? ദിനകരന്റെ കാര്യമാണ് ഉദ്ദേശിച്ചതെങ്കിൽ ഞാൻ ഒരു സത്യം പറയാം. ദിനകന്റെ ശുശ്രൂഷയെ ഞാൻ ബഹുമാനിക്കുന്നു. എന്നാൽ ഒരിക്കൽപ്പോലും ഹാലേലൂയ്യ പത്രത്തിൽ ദിനകരനെ പുകഴ്ത്തി ഒരു വരിപോലും അച്ചടിച്ചിട്ടില്ല. അച്ചൻ തുടർച്ചയായി എഴുതിക്കൊണ്ടിരിക്കുന്ന ഗുഡ്ന്യൂസ് വാരികയാണ് ദിനകരനുവേണ്ടി ഏറ്റവും അധികം അച്ചുനിരത്തിയത്. അദ്ദേഹം മരിച്ചപ്പോൾ "ദിനകരനെ യേശു വിളിച്ചെന്ന്" വരെ ഗുഡ്ന്യൂസ് എഴുതി. എന്നിട്ടും കാനം അച്ചൻ എന്താ മിണ്ടാഞ്ഞത്. നമ്പൂതിരിപ്പാടിന്റെ കൂട്ടുകുടുംബക്കാർ ആരാണെന്ന് ഇതിൽ കൂടുതൽ തെളിവുവേണോ? എന്തിനാണ് ഇത്തരം നുണകൾ പറഞ്ഞ് വായനക്കാരെ കുഴയ്ക്കുന്നത്.

***"ഏകനാഥനെ തള്ളിപ്പറയുന്നവർക്ക് ശീഘ്രനാശം വരും."*** അച്ചൻകുഞ്ഞിനെ ഉദ്ദേശിച്ചു പറഞ്ഞ ഈ കാര്യത്തിന് അദ്ദേഹം മറുപടി പറഞ്ഞതാണെങ്കിലും ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കട്ടെ.

അച്ചന്റെ എഴുത്തുകളിൽ പലപ്പോഴും ഇത്തരം ശാപവാക്കുകൾ ഉപയോഗിക്കുന്നത് നേരത്തെ തന്നെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അച്ചന്റെ ഹൃദയത്തിൽ തിങ്ങി നിറയുന്നത് വായ് പ്രസ്താവിക്കുന്നു. ചിലർ അത് എഴുതിയെടുത്ത് പത്രത്തിൽ അച്ചടിക്കുന്നു. അത്തരം ശാപങ്ങൾ അച്ചനിലേക്കും കുടുംബത്തിലേക്കും തിരിച്ചു വരാതിരിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

***"ഞാൻ പാസ്റ്റർ കെ.സി.ജോണിന് ശത്രുവല്ല. തന്റെ റാലിയും മറ്റും തെറ്റാണെന്ന് ഞാൻ പറഞ്ഞു. പാസ്റ്റർ ടി.എസ്.ഏബ്രഹാമും, ഫിലിപ്പ് പി.തോമസും കൂടെയാണ് എന്നെയും മറ്റും ഉൾപ്പെടുത്തി വിശ്വാസ സംരക്ഷണ സമിതി ഉണ്ടാക്കിയത്. ഇതിനൊക്കെ പാവപ്പെട്ട എന്നെ പ്രതിയാക്കേണ്ട കാര്യമില്ല".***

അച്ചൻ പ്രതിയല്ല. കൂട്ടു പ്രതിയാണെന്നേ ഞാൻ പറഞ്ഞുള്ളു. ഐ.പി.സി.രാഷ്ട്രീയത്തിൽ പാസ്റ്റർ ഫിലിപ്പ് പി.തോമസും മറ്റു ചിലരും കെ.സി.ജോണിനെതിരെ ഉണ്ടാക്കിയ അപ്പൊളജറ്റിക്സ് കൗൺസിൽ എന്ന വിശ്വാസ സംരക്ഷണ സമിതിയിൽ അച്ചനുണ്ടായിരുന്നു എന്നേ ഞാൻ പറഞ്ഞുള്ളു. ടി.എസ്.ഏബ്രഹാമും, ഫിലിപ്പ് പി.തോമസും വിളിച്ചപ്പോൾ വിശ്വാസ സംരക്ഷണത്തിന് ചാടിപ്പുറപ്പെട്ട അച്ചൻ തന്നെ പറയൂ, ഇതേ ടി.എസ്.ഏബ്രഹാം പത്തനംതിട്ടയിൽ പോയി നിലവിളക്കു കൊളുത്തിയപ്പോൾ അങ്ങയുടെ വിശ്വാസം സംരക്ഷിക്കപ്പെടുകയായിരുന്നോ? അച്ചൻ എന്താ അതിനെക്കുറിച്ചിന്നു വരെ മിണ്ടാത്തത്? പരിശുദ്ധാത്മാഭിഷേകത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷയാണെന്ന്

**അച്ചൻ ഉദ്ദേശിച്ച 'ഗ്രഹം' പാസ്റ്റർ കെ.സി.ജോണാണെന്ന് മനസ്സിലായി. അച്ചാ കെ.സി.ജോണിനെ കണ്ട് വിശ്വാസത്തിൽ ഇറങ്ങിയ ആളല്ല ഞാൻ. ദാരിദ്ര്യവും പട്ടിണിയും അനുഭവിച്ച കാലത്തും ഒരു നേതാവിന്റെയും വാലായി നടന്നിട്ടുമില്ല. അങ്ങനെ നടക്കുന്ന പലരും അച്ചന്റെ പരിചയത്തിൽ കാണും. എന്നെ അക്കൂടെ കൂട്ടേണ്ടതില്ല. സാംകുട്ടി ചാക്കോ പേരു പറഞ്ഞു വിമർശിച്ച ഐ.പി.സി. നേതാക്കളിൽ ഒന്നാമൻ ടി.എസ്.ഏബ്രഹാമും, രണ്ടാമൻ കെ.സി. ജോണുമാണെന്ന് അച്ചന്റെ അറിവിലേക്ക് പറയാം.**



പാസ്റ്റർ കെ.ഇ.ഏബ്രഹാം തുടങ്ങിയ പെന്തെക്കോസ്തു പിതാക്കന്മാർ പഠിപ്പിച്ചത് അച്ചൻ വിശ്വസിക്കുന്നോ? എന്ന ചോദ്യം കെ.സി.ജോൺ ചോദിച്ചു കഴിഞ്ഞപ്പോൾ വിശ്വാസ സംരക്ഷണ സമിതിയുടെ ഗതി എന്തായി എന്നു കൂടി പറയാമോ?

***"ഐ.പി.സിയെ അതിഭയങ്കരമായി പരിഹസിച്ച് അവിടുത്തെ 'സിംഹാസന പോരി'നെ ചിത്രീകരിക്കുന്ന സാംകുട്ടി ഐ.പി.സി.ക്കാരനാണോ?"*** എന്ന് അച്ചൻ ചോദിക്കുന്നു.

ഐ.പി.സിയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായി ഒരു ടേമും രണ്ടു പതിറ്റാണ്ട് സ്റ്റേറ്റ് ജനറൽ കൗൺസിലുകളിൽ അംഗവുമായിരുന്ന എനിക്ക് എന്റെ പ്രസ്ഥാനത്തെ വിമർശിക്കാൻ അച്ചന്റെ അനുവാദം ആവശ്യമില്ല. അച്ചനെപ്പോലെ കപട ആത്മീയതയുടെ മുഖംമൂടി വെച്ചല്ല സാംകുട്ടി ചാക്കോ ഐ.പി.സിയിൽ നില്ക്കുന്നത്. ഐ.പി.സിയെ വളർത്താൻ എന്റെ മാതാപിതാക്കളും ഞാനുമൊക്കെ നന്നായി പട്ടിണി കിടന്നിട്ടുണ്ട്. ഞങ്ങളുടെ പ്രസ്ഥാനത്തിൽ ചിലർ അനാത്മീക പ്രവണതകൾ കാണിക്കുമ്പോൾ ശക്തമായ ഭാഷയിൽ വിമർശിക്കേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്. അതിൽ ചർച്ച് ഓഫ് ഗോഡുകാരനായ അച്ചൻ എന്തിനിടപെടണം? എന്തിന് അസഹിഷ്ണത കാണിക്കണം?

'സിംഹാസന പോര്' എന്ന ജോൺ ബനിയന്റെ പ്രസിദ്ധമായ പുസ്തകത്തിന്റെ തലക്കെട്ട് ഐ.പി.സി.ഇലക്ഷന്റെ രാഷ്ട്രീയ കളികൾക്ക് ചേരുമെന്നതിനാലാണ് ഞാനത് ഉപയോഗിച്ചത്. സത്യത്തിൽ കുമ്പനാട്ട് സിംഹാസനപ്പോര് ആയിരുന്നുവെന്നത് ഇപ്പോൾ ഇലക്ഷനെക്കുറിച്ച് പുറത്തു വരുന്ന പരാതിപ്രളയത്തിൽ നിന്ന് വ്യക്തമല്ലേ. നേതാക്കന്മാർ കാട്ടിക്കൂട്ടുന്ന കാര്യങ്ങൾ തുറന്നെഴുതുന്നതാണോ തെറ്റ്? ആകർഷകമായ തലക്കെട്ടുകൾ നൽകുക എന്നത് ജേർണലിസത്തിന്റെ ബാലപാഠങ്ങളിൽ പെട്ടതാണ്. പെന്തെക്കോസ്ത് പത്രങ്ങളിൽ ഏറ്റവും നന്നായി തലക്കെട്ടുകൾ നൽകുന്നതിൽ ഹാലേലൂയ്യാ മുമ്പിലാണെന്നത് അഭിമാനത്തോടെ പറയട്ടെ.

***"അച്ചൻകുഞ്ഞും സാംകുട്ടിയും ഏതോ ഗ്രഹത്തിന്റെ ഉപഗ്രഹമാണ്"***

അച്ചൻ ഉദ്ദേശിച്ച 'ഗ്രഹം' പാസ്റ്റർ കെ.സി.ജോണാണെന്ന് മനസ്സിലായി. അച്ചാ കെ.സി.ജോണിനെക്കണ്ട് വിശ്വാസത്തിൽ ഇറങ്ങിയ ആളല്ല ഞാൻ. ദാരിദ്ര്യവും പട്ടിണിയും അനുഭവിച്ച കാലത്തും ഒരു നേതാവിന്റെയും വാലായി നടന്നിട്ടുമില്ല. അങ്ങനെ നടക്കുന്ന പലരും അച്ചന്റെ പരിചയത്തിൽ കാണും. എന്നെ അക്കൂടെ കൂട്ടേണ്ടതില്ല. സാംകുട്ടി ചാക്കോ പേരു പറഞ്ഞു വിമർശിച്ച ഐ.പി.സി.നേതാക്കളിൽ ഒന്നാമൻ ടി.എസ്.ഏബ്രഹാമും, രണ്ടാമൻ കെ.സി.ജോണുമാണെന്ന് അച്ചന്റെ അറിവിലേക്ക് പറയാം.

***"മാനസാന്തരപ്പെട്ട് സത്യത്തിന്റെ പക്ഷത്തേക്ക് വന്നാൽ അവരുടെ സാമ്പത്തിക ആവശ്യങ്ങളും ദൈവം നടത്തും. പക്ഷേ കൂലിക്കു കരയാൻ പത്രമാസികകൾ ഉപയോഗിക്കരുത്"*** എന്ന് അച്ചൻ ഉപദേശിക്കുന്നു.

ഇവിടെയും അച്ചൻ അർത്ഥമാക്കിയത് എനിക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നും അതിനാൽ ആരോ പണം തന്ന് അച്ചനെതിരെ എഴുതിച്ചെന്നുമാണല്ലോ. സത്യം പറയാം. അച്ചോ എനിക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. പക്ഷേ കൂലിക്ക് കരയുന്ന തൊഴിൽ എന്റേതല്ല, പ്രതിമാസം 2 ലക്ഷത്തോളം രൂപ മുടക്കിയാണ് ഹാലേലൂയ്യാ നടത്തുന്നത്. വേറെ വരുമാനമാർഗ്ഗമില്ലാത്ത ഞാൻ കഠിനാദ്ധ്വാനം ചെയ്ത് പരസ്യങ്ങൾ കണ്ടെത്തിയും വരിസംഖ്യ പിരിച്ചുമാണ് പത്രം നടത്തുന്നതും എന്റെ ഉപജീവനം നടത്തുന്നതും.

എന്റെ പിതാവിന്റെ പേരും അച്ചൻ വലിച്ചിഴക്കുന്നതിനാൽ തുറന്നു പറയട്ടെ. സുവിശേഷവേലക്ക് ദർശനം ലഭിച്ച് കാനത്തിൽനിന്ന് മലബാറിൽ പോയ എന്റെ പിതാവ്, 38 വർഷം മലബാറിൽ വാടക വീടുകളിലും ഫെയ്ത്ത് ഹോമുകളിലും താമസിച്ച് സുവിശേഷവേല ചെയ്തു. പട്ടിണി ഞങ്ങളുടെ വീട്ടിലെ കൂട്ടുകിടപ്പുകാരനായിരുന്നു. കടുത്ത ദാരിദ്ര്യത്തിലും അരക്ഷിതാവസ്ഥയിലുമാണ് ഞാനും എന്റെ സഹോദരങ്ങളും വളർന്നത്. എന്റെ രണ്ടു ജ്യേഷ്ഠ സഹോദരങ്ങൾ പട്ടിണിയും പകർച്ചവ്യാധിയും മൂലം പിഞ്ചുപ്രായത്തിൽ മരിച്ചിട്ടുണ്ട്. 43-ാം വയസ്സിൽ മരുന്നു ചെയ്യാതെ എന്റെ അമ്മ മരിച്ചു. പിതാവ് 63-ാം വയസ്സിൽ മരിച്ചു. ഒന്നും നേടാതെ, സുവിശേഷവേലക്ക് ഇറങ്ങിയിട്ട് ഒരു ചില്ലിക്കാശും സമ്പാദിക്കാതെയാണ് എന്റെ പിതാവ് ശുശ്രൂഷ തികച്ചത്. എസ്.എസ്.എൽ.സിക്ക് പഠിക്കുമ്പോൾ പോലും എനിക്ക് ഒരു ഒറ്റ മുണ്ട് മാത്രമാണുണ്ടായിരുന്നത്. ഞങ്ങളുടെ കുടുംബം ദാരി

ദ്ര്യവും, കഷ്ടതയുമനുഭവിച്ചത് പൗലോസ് പറയുംപോലെ സുവിശേഷം നിമിത്തമാണ്. ഞങ്ങൾ അതിൽ അഭിമാനിക്കുന്നു. ഈ ലോകത്തിൽ ദൈവം സമ്പത്ത് തന്നാലും തന്നില്ലെങ്കിലും നിത്യതയുടെ വിലയറിഞ്ഞ ഞങ്ങൾ ഈ ലോകത്തിലെ സമ്പാദ്യങ്ങൾക്ക് അച്ചൻ നൽകുന്നത്രയും വില കല്പ്പിക്കുന്നില്ല.

ഞാൻ സാഹിത്യസുവിശേഷ വേല ആരംഭിച്ചിട്ട് 23 വർഷമായി. ഇതിനകം 15 വാടകവീടുകളിൽ മാറി മാറി താമസിച്ചു. ഇപ്പോഴും ഞാൻ തിരുവല്ലായിലെ ഒരു വാടകവീട്ടിലാണ് താമസിക്കുന്നത്. ഒരു വിധം നന്നായി എഴുതുവാൻ ദൈവം എനിക്ക് കഴിവ് തന്നു. പക്ഷേ സുവിശേഷവേലയുടെ ഭാഗമായി ആർക്കെങ്കിലും ഒരു കത്തെഴുതി ഒരു രൂപാ പോലും ഞാൻ സംഭാവന വാങ്ങി സ്വന്തമാക്കിയിട്ടില്ല. ദൈവം വിശ്വസ്തനാണ്. ഇത്രത്തോളം നടത്തി. ഞങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ ഇന്നു വരെ ദൈവമാണ് നടത്തിയത്. ഓരോ ദിവസവും ദൈവം നടത്തിയ വിധങ്ങൾ വിവരിച്ചാൽ ഒരു പുസ്തകമാക്കേണ്ടി വരും. നാളെയും ദൈവം നടത്തും എന്ന ഉറപ്പുണ്ട്.

എന്റെ പിതാവ് പാസ്റ്റർ എം.ഒ.ചാക്കോയെ വിശുദ്ധൻ എന്ന് അങ്ങ് വിശേഷിപ്പിച്ചല്ലോ. പക്ഷേ ഒരു കാര്യം ഞാൻ പറയാം. എന്റെ പിതാവ് എന്നേക്കാൾ ശക്തമായി അനീതിക്കും കപട ആത്മീകർക്കും എതിരെ നിലപാടെടുത്തിട്ടുള്ള ആളാണ്. ഞാൻ എഴുതിയതു കണ്ട് അദ്ദേഹം അലറിക്കരഞ്ഞേനേം എന്നുള്ള അച്ചന്റെ ചിന്ത അങ്ങനെ തന്നെ ഇരിക്കട്ടെ. ജീവിച്ചിരിക്കുന്നവരുടെ പോരാട്ടത്തിൽ മരിച്ചവരെ വലിച്ചിഴക്കേണ്ട കാര്യമില്ലായിരുന്നു എന്നു പറഞ്ഞ് ആ ഭാഗം വിടട്ടെ.

***"പൂവു വിറ്റ കടയിൽ പുല്ലു വില്ക്കുന്നവരായല്ലോ"***

അച്ചാ അച്ചൻ വിറ്റ പൂവിൽകുറേ ജീവനില്ലാത്ത, മണമില്ലാത്ത പ്ലാസ്റ്റിക് പൂവാണെന്ന് ഞങ്ങൾ വിളിച്ചു പറയേണ്ടി വന്നതിൽ ക്ഷമിക്കുക. പിന്നെ പുല്ലും, പൂവും, വൈക്കോലും, കല്ലും, മണ്ണും, എല്ലാം കൊണ്ട് അച്ചനോ ഞാനോ പണിതതെല്ലാം ദൈവമുമ്പിൽ എങ്ങനെ വിലയിരുത്തപ്പെടുമെന്നതല്ലേ പ്രധാനം.



**സാംകുട്ടി ചാക്കോ, നിലമ്പൂർ**